## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1800** **16/02/2016 ൽ മറുപടിയ്ക്ക്**

# ദുരിതാശ്വാസനിധി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജോസ് തെറ്റയിൽ** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>(മുഖ്യമന്ത്രി) |
| (എ) എറണാകുളം ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചിട്ടും ഹെഡ് ഓഫ് അക്കൗണ്ടിൽ പണമില്ലാത്തതിന്റെ പേരിൽ പ്രസ്തുത തുക രോഗികൾക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) അനുവദിച്ച തുക വിതരണം ചെയ്യാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;<br><br>(സി) ഈ ഇനത്തിൽ കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ;<br><br>(ഡി) പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും (സി) യും (ഡി)യും<br><br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിൻെറ അപര്യാപ്തതയും മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**